മലബാർ കാൻസർ സെന്ററിൽ ഈ പദ്ധതിപ്രകാരം 2014 നവംബർ 1 മുതൽ 2015 മാർച്ച് 31 വരെ 66,91, 317 രൂപ ചെലവഴിച്ചിട്ടുണ്ട്.

ആർ.സി.സി.-യിൽ ഈ പദ്ധതി അനുസരിച്ച് 2014 നവംബർ 1 മുതൽ 2015 ജൂൺ 30 വരെ 4.5 കോടി രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സാമ്പത്തിക വർഷം ഏകദേശം പത്തു കോടിയിൽപ്പരം രൂപയുടെ ചെലവ് വരാമെന്ന് അനുമാനിക്കുന്നു.

(ഡി) ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

ട്രോമ കെയർ സംവിധാനം

11 (4814) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് എല്ലാ താലൂക്ക് ആശുപത്രികളിലും അത്യാഹിത വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എത്ര ആശുപത്രികളിൽ ട്രോമ കെയർ സംവിധാനം ഇപ്പോൾ ലഭ്യമാണ് ; ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത സംവിധാനം ഉള്ളതെന്ന് അറിയിക്കുമോ ;

(സി) എല്ലാ ജില്ലാ, താലൂക്ക് ആശുപത്രികളിലും ട്രോമ കെയർ സംവിധാനം സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രധാന താലൂക്കാശുപത്രികളിലെല്ലാം ടേൺ ഡ്യൂട്ടി അടിസ്ഥാനത്തിൽ അത്യാഹിത വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(ബി) ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം നിലവിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായാണ് നടന്നുവരുന്നത്. 13-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെയും മറ്റു ചില സ്രോതസുകളുടെ ഭാഗമായും അത്യാഹിത വിഭാഗത്തിൽ ഇതിനായുള്ള ചില അടിസ്ഥാന സൗകര്യവികസനവും അവശ്യ ഉപകരണങ്ങൾ വാങ്ങലും നടത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായ തോതിൽ ട്രോമാകെയർ സംവിധാനം ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ ഒരുക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടില്ല. ദേശീയ പാതയുടെയും പ്രധാന സംസ്ഥാന ഹൈവേകളുടെയും അരികിലുള്ള 25 ജനറൽ/ജില്ലാ/താലൂക്കാശുപത്രികളാണ് വിവിധ പദ്ധതികളിലായി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കേന്ദ്രഗവൺമെന്റിന്റെ ട്രോമാകെയർ പ്രോഗ്രാമിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലും കണ്ണൂർ ജില്ലാ ആശുപത്രിയിലും ട്രോമാകെയർ സംവിധാനം ഒരുക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ നിലവിലുണ്ട്.

(സി) അടിസ്ഥാന സൗകര്യമൊരുക്കിയും അധിക തസ്തിക സൃഷ്ടിച്ചും ഘട്ടം ഘട്ടമായി ട്രോമാകെയർ സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ആരോഗ്യമേഖലയിലെ തസ്തികൾ

12 (4815) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2006-2012 കാലയളവിൽ ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

2006-2012 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 660-ഉം ആരോഗ്യവകുപ്പിൽ 3512-ഉം തസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ മാനസികാരോഗ്യ പദ്ധതി

13 (4816) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന മാനസികാരോഗ്യ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly